# മംഗളവാർത്തക്കാലം
## വചന വിചിന്തനം
### ദനഹാക്കാലം : ഏഴാം ഞായർ
### മത്താ 7,28–8,12

"യേശു ആശ്ചര്യപ്പെട്ട്, തന്നെ അനുഗമിച്ചിരുന്നവരോടു പറഞ്ഞു:
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു,
ഇതുപോലുള്ള വിശ്വാസം
ഇസ്രായേലിൽ ഒരുവനിൽപോലും ഞാൻ കണ്ടിട്ടില്ല"
മത്താ 8,10

**കർത്താവ് ആശ്ചര്യപ്പെടുന്നത് ഒരിക്കൽ മാത്രം,
വിശ്വാസത്തിന്റെ വളർച്ച കാണുമ്പോൾ മാത്രം!**

**വിശ്വാസംമൂലം ആബേൽ കായേന്റേതിനെക്കാൾ ശ്രേഷ്ഠമായ ബലി ദൈവത്തിനു സമർപ്പിച്ചു. അതിനാൽ, അവൻ നീതിമാനായി അംഗീകരിക്കപ്പെട്ടു.**

ക്രിസ്തു കഫർണാമിൽ പ്രവേശിച്ചപ്പോൾ ഒരു ശതാധിപൻ അവന്റെ അടുക്കൽ വന്നു യാചിച്ചു:

"കർത്താവേ, എന്റെ ഭൃത്യൻ തളർവാതം പിടിപെട്ട് കഠിനവേദന അനുഭവിച്ച്, വീട്ടിൽ കിടക്കുന്നു."

ഇത് കേൾക്കുന്ന ക്രിസ്തു ശതാധിപനോടു പറഞ്ഞു:

"ഞാൻ വന്ന് അവനെ സുഖപ്പെടുത്താം."

അപ്പോൾ ശതാധിപൻ ക്രിസ്തുവിനോട് പ്രതിവചിച്ചു:

"കർത്താവേ, നീ എന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല. നീ ഒരു വാക്ക് ഉച്ചരിച്ചാൽ മാത്രം മതി, എന്റെ ഭൃത്യൻ സുഖപ്പെടും. ഞാനും അധികാരത്തിനു കീഴ്പ്പെട്ടവനാണ്. എന്റെ കീഴിലും പടയാളികളുണ്ട്. ഒരുവനോടു പോകുക എന്നുപറയുമ്പോൾ അവൻ പോകുന്നു. അപരനോടു വരുക എന്നു പറയുമ്പോൾ അവൻ വരുന്നു. എന്റെ ദാസനോട് ഇതു ചെയ്യുക എന്നുപറയുമ്പോൾ അവൻ അതു ചെയ്യുന്നു."

ശതാധിപന്റെ മറുപടി കേൾക്കുന്ന ക്രിസ്തു ആശ്ചര്യപ്പെട്ട്, തന്റെ ശിഷ്യൻമാരെന്ന് അഹംങ്കരിച്ച് തന്നെ അനുഗമിച്ചിരുന്നവരോടു പറഞ്ഞു:

"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഇതുപോലുള്ള വിശ്വാസം ഇസ്രായേലിൽ ഒരുവനിൽപോലും ഞാൻ കണ്ടിട്ടില്ല!"

തുടർന്ന് ക്രിസ്തു വീണ്ടും ശതാധിപനോടു പറഞ്ഞു:

"പൊയ്ക്കൊൾക; നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ."

പിന്നീട്, വചനം ശതാധിപന്റെ ഭൃത്യനെ കുറിച്ച് സാക്ഷ്യപ്പെടുത്തുന്നത് ഇപ്രകാരമാണ്;

"ആ സമയത്തുതന്നെ ഭൃത്യൻ സുഖം പ്രാപിച്ചു."

ക്രിസ്തുവും ക്രിസ്തുവിന്റെ അനുയായികളും ഒരുപാട് അൽഭുതങ്ങൾക്ക് സാക്ഷികളും കാരണമാവുകയും ചെയ്യുന്നുണ്ട്. പക്ഷെ, ക്രിസ്തു അൽഭുതപ്പെടുന്നതായി വചനഭാഗത്തിൽ ഒരിക്കൽ മത്രമെ സാക്ഷ്യപ്പെടുത്തിയിട്ടൊള്ളു. അത്, ക്രിസ്തുവിൽ നിന്ന് അൽഭുതം സ്വന്തമാക്കാൻ കടന്നു വരുന്നവരുടെ വിശ്വാസം കണ്ടിട്ട് മാത്രമാണ്. വി.മർക്കോസിന്റെ സുവിശേഷത്തിൽ ക്രിസ്തു തന്റെ ശിഷ്യരെ വചനം പ്രസംഗിക്കാനും പിശാചുക്കളെ ബഹിഷ്ക്കരിക്കാനും രോഗികളെ സുഖപ്പെടുത്താനും ഭരമേൽപ്പിച്ചുക്കൊണ്ട് അയക്കു

ന്നുണ്ട്. ക്രിസ്തു ശിഷ്യൻ വചനം പ്രസംഗിക്കുകയും പിശാചുക്കളെ ബഹിഷ്ക്കരിക്കുകയും രോഗികളെ സുഖപ്പെടുത്തുകയും ചെയ്തതിന് ശേഷം തിരിച്ച് വന്ന് ക്രിസ്തുവിനെ തങ്ങൾ ചെയ്ത അൽഭുതങ്ങളും വലുപ്പങ്ങളും പറയുമ്പോഴും ക്രിസ്തു അൽഭുതപ്പെടുകയോ ആശ്ചര്യപ്പെടുകയോ ചെയ്യുന്നില്ല. മറിച്ച്, വിശ്വാസത്തിന്റെ വലുപ്പം കാണുമ്പോൾ മാത്രമാണ് ക്രിസ്തു അൽഭുതപ്പെടുന്നത്.

എങ്കിൽ, വചനഭാഗം ആത്മപരിശോധനയ്ക്ക് വേണ്ടി സമ്മാനിക്കുന്ന വലിയ ചിന്തയും ഇത് തന്നെയാണ്; "നിന്നിൽ വിശ്വാസത്തിന്റെ വളർച്ച എന്തു മാത്രം സംഭവിച്ചിരിക്കുന്നു? ശതാധിപന്റെ വിശ്വാസത്തിന്റെ വലുപ്പം കണ്ട് ആശ്ചര്യപ്പെട്ടു നിൽക്കുന്ന കർത്താവ് നിന്നിലെ വിശ്വാസത്തിന്റെ വളർച്ച കാണുമ്പോൾ ആശ്ചര്യപ്പെടുമോ?" പലപ്പോഴും, നമ്മൾ പകൽ മാന്യൻമാരാണ്. അച്ചനും കപ്പ്യാരും സിസ്റ്റേഴ്സും നാട്ടുക്കാരും എന്തു പറയും എന്നു കരുതി മുഖത്ത് ആവരണവും പേറി മാന്യമായി പള്ളിക്കും പട്ടക്കാരനുമുള്ള പദവാരവും പ്രാർത്ഥനയും നൽകുന്നു. രാത്രിയായൽ, മറ്റുള്ളവർ കാണുന്നില്ല എന്നുറപ്പുവരുത്തിയാൽ പിന്നെ തോന്നിവാസമാണ്. പിന്നെ, വിശ്വാസം കാറ്റിൽ പറത്തും. പള്ളി വേറെ പട്ടക്കാരൻ വേറെ... ഇതാണ് മനോഭാവം. എല്ലാം കാണുന്ന സർവ്വത്തിന്റെയും ഉടയോൻ എന്റെ ഉള്ളും ഉള്ളവും കാണുന്നുണ്ട് എന്ന് തിരിച്ചറിയാൻ നാം മറന്ന് പോകുന്നു.

**ദൈവസന്നിധിയിൽ ശരണംപ്രാപിക്കുന്നവർ ദൈവം ഉണ്ടെന്നും തന്നെ അന്വേഷിക്കുന്നവർക്ക് അവിടുന്നു പ്രതിഫലം നൽകുമെന്നും വിശ്വസിക്കണം.**

ക്ഷേത്രനിർമ്മാണം നടന്നുകൊണ്ടിരുന്ന ഒരു ഗ്രാമത്തിൽ ഒരു വിദേശ ടൂറിസ്റ്റെത്തി. കാഴ്ചകൾ കണ്ടു നടക്കവേ ക്ഷേത്രത്തിനുള്ളിൽ തന്റെ ജോലിയിൽ വ്യാപൃതനായിരിക്കുന്ന ഒരു ശിൽപ്പിയെ അദ്ദേഹം കണ്ടു. ശിൽപ്പി ഏകാഗ്രതയോടെ ഒരു വിഗ്രഹം കൊത്തിയുണ്ടാക്കുകയായിരുന്നു. അയാളുടെ പ്രവൃത്തികൾ കൗതുകപൂർവ്വം നോക്കിനിൽക്കവേ പെട്ടെന്ന് ശിൽപ്പി നിർമ്മിച്ചു കൊണ്ടിരിക്കുന്നതിനു സമാനമായ മറ്റൊരു ശിൽപം തൊട്ടടുത്തുതന്നെ കിടക്കുന്നത് ടൂറിസ്റ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അദ്ദേഹം ശിൽപ്പിയോട് ചോദിച്ചു;

"താങ്കൾ ഒരേ പോലെയുള്ള രണ്ടു ശിൽപ്പങ്ങൾ നിർമ്മിച്ചു കൊണ്ടിരിക്കുകയാണല്ലേ?"

"അല്ല..."

മുഖമുയർത്തി നോക്കിക്കൊണ്ട് ശിൽപ്പി പറഞ്ഞു;

"ഒരു ശിൽപ്പം മതി, പക്ഷെ ആദ്യം ഉണ്ടാക്കിയതിൽ അവസാന മിനുക്കുപണികൾ നടത്തിക്കൊണ്ടിരിക്കെ ചെറിയൊരു കേട് സംഭവിച്ചു."

ശിൽപ്പത്തിനു സംഭവിച്ച കേടുപാടെന്താണെന്നു കണ്ടുപിടിക്കാനുള്ള കൗതുകത്തോടെ താഴെ കിടക്കുന്ന ശിൽപത്തെ അടിമുടി സൂക്ഷമായി പരിശോധിച്ചെങ്കിലും ശിൽപ്പി പറഞ്ഞതുപോലെയുള്ള കുഴപ്പങ്ങളൊന്നും അതിൽ കണ്ടെത്താൻ ടൂറിസ്റ്റിനു സാധിച്ചില്ല. അവസാനം ടൂറിസ്റ്റ് തോൽവി സമ്മതിച്ച് തെല്ലാശ്ചര്യത്തോടെ ശിൽപ്പിയോട് ചോദിച്ചു;

"പക്ഷെ, ഈ ശിൽപ്പത്തിനെന്തു കുഴപ്പമാണ് സംഭവിച്ചത്?"

"ശിൽപ്പത്തിന്റെ മൂക്കിൽ ഒരു പോറലുണ്ടായിട്ടുണ്ട്."

ടൂറിസ്റ്റിനു നേരെ നോക്കാതെ തന്റെ ജോലിയിൽ ശിൽപ്പി വീണ്ടും വ്യാപൃതനായി.

ടൂറിസ്റ്റ് ഒരു താത്വികന്റെ ഭാവത്തിൽ വീണ്ടും ചോദിച്ചു;

"എവിടെയാണ് നിങ്ങളീ ശിൽപ്പം സ്ഥാപിക്കാനുദ്ദേശിക്കുന്നത്?"

"അതാ ആ സ്തൂപത്തിനു മുകളിൽ." അൽപ്പമകലെ സ്ഥിതിചെയ്യുന്ന ഏകദേശം ഇരുപതടി ഉയരമുള്ള കൽസ്തൂപം ചൂിക്കാണിച്ച് ശിൽപ്പി

പൂർവ്വപിതാവായ അബ്രാഹത്തിന്റെ അനുസരണത്തിന് കാരണം ഒന്നുമാത്രം, അവന്റെ ദൈവത്തിലുള്ള വിശ്വാസം!

പറഞ്ഞു.

"അത്രയും ഉയരത്തിൽ സ്ഥാപിക്കുന്ന ശിൽപ്പത്തിന്റെ മൂക്കിലെ ഒരു നേർത്ത പോറൽ ആരാണറിയാൻ പോകുന്നത്?" ടൂറിസ്റ്റ് ചോദിച്ചു.

ശിൽപ്പി ജോലി നിർത്തി അയാളെ നോക്കി... തുടർന്ന്, ഒരു പുഞ്ചി രിയോടെ പറഞ്ഞു "മറ്റാരും അറിഞ്ഞില്ലെങ്കിലും ഞാൻ അറിയുമല്ലോ!!!"

സർപ്പണത്തിന്റെയും വിശ്വാസത്തിന്റെയും കാര്യത്തിൽ ഈ ശിൽപ്പിയുടെ മനോഭാവം നമ്മളിൽ എത്ര പേർക്കുണ്ട്. ആരും കണ്ടില്ലെങ്കിലും എല്ലാം കാണുന്ന ഒരു ദൈവം എന്നിക്കുണ്ടെന്നും... എന്നെതന്നെ ഞാൻ കണ്ടുകൊണ്ടിരിക്കുകയാണെന്നുമുള്ള തിരിച്ചറിവ് ഒരു ബോദ്ധ്യമാക്കി മാറ്റപ്പെടുത്താൻ നമ്മുക്ക് സാധിച്ചിട്ടുണ്ടോ? സമർപ്പണം, വിശ്വാസമെന്നത് നമ്മുടെയുള്ളിന്റെയുള്ളിൽ അന്തർലീനമായ ഒന്നായിരിക്കണം. അത് മറ്റുള്ളവരെ കാണിക്കാനുള്ള ബാഹ്യമായ മോടികളായിരിക്കരുത്.

നമ്മുടെ പ്രവൃത്തികൾ മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കുവാനല്ല. മറിച്ച്, നമ്മുടെ ആത്മസംതൃപ്തിയുടെ പൂർത്തീകരണത്തിനായിരിക്കണം. അങ്ങനെയങ്കിൽ, പൂർണ്ണത, ചുറ്റുമുള്ളവരുടെ അനുമോദനങ്ങളെക്കാൾ, നമ്മുടെ മനസ്സിനുള്ളിൽ സംതൃപ്തി നിറഞ്ഞ ഒരു വികാരമായി നിറയുന്നത് അനുഭവിച്ചറിയാൻ സാധിക്കും. നമ്മളൊരു പർവ്വതത്തിന് മുകളിലേക്ക് കയറുമ്പോൾ നമ്മളുടെ ചിന്ത "ഉയരം കീഴടക്കിയ എന്നെയീ ലോകം കാണട്ടെ" എന്നതായിരിക്കരുത്. മറിച്ച്, "ഉയരത്തിൽ നിന്നു ഞാനീ ലോകമൊന്നു കാണട്ടെ " എന്നതായിരിക്കണം. അങ്ങനെയാകുമ്പോൾ, ആരും കണ്ടില്ലെങ്കിലും എല്ലാം കാണുന്ന ഒരു ദൈവം ഉണ്ട് എന്നുള്ള തിരിച്ചറിവിനേയ്ക്ക് നാം വളരുകയാണ്.

ഓർക്കുക, കർത്താവ് അൽഭുതപ്പെടുന്നത്, ആശ്ചര്യപ്പെടുന്നത് തന്റെ ശിഷ്യൻമാർ അൽഭുതങ്ങൾ ചെയ്യുന്നത് കണുമ്പോഴല്ല. മറിച്ച്, തന്റെ ശിഷ്യമാർ വിശ്വാസത്തിൽ വളരുന്നത് കാണുമ്പോഴാണ്. "വിശ്വാസം എന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്. ഇതുമൂലമാണ് പൂർവികൻമാർ അംഗീകാരത്തിന് അർഹരായത്" (ഹെബ്രാ 11,1-2). പൂർവികൻമാർ സ്വന്തമാക്കിയ അംഗീകാരം സ്വന്തമാക്കാൻ ചെയ്യേണ്ടത് വിശ്വാസത്തിൽ വളരുക എന്നതു മാത്രമാണ്...

"വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല."

ഹെബ്രാ 11,6

ഫാ. ജോബി മേനോത്ത്
+91 944 7777 931